"ഭരണഭാഷ- മാതൃഭാഷ"

പതിനാലാം കേരള നിയമസഭ

<u>പത്തൊൻപതാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 755 04.03.2020 ൽ മറുപടിയ്ക്ക്

<u>വൃക്ഷത്തൈ നടീൽ പദ്ധതി</u>

| <u>ചോദ്യം</u><br>ശ്രീ. അനൂപ് ജേക്കബ് | | <u>മറുപടി</u><br>അഡ്വ.കെ.രാജു<br>( വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | ഈ വർഷം സംസ്ഥാനത്ത് എത്ര മരങ്ങൾ പുതുതായി നട്ടുപിടിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഈ വർഷം സംസ്ഥാനത്ത് 58.27 ലക്ഷം മരങ്ങൾ പുതുതായി നട്ടുപിടിപ്പിയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ഇതിലേക്കായി എന്തെങ്കിലും കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ , എന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | വനം വകുപ്പ് ഹരിതകേരളം പദ്ധതി മുഖേന ഉത് പ്പാദിപ്പിക്കുന്ന വൃക്ഷത്തൈകൾ തനത് വർഷത്തെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് സൗജന്യമായും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ , യുവജനസംഘടനകൾ, മതസ്ഥാപനങ്ങൾ, മാദ്ധ്യമ സ്ഥാപനങ്ങൾ എന്നിവയ്ക്ക് സൗജന്യമായോ സഹായനിരക്കിലോ നട്ട് പിടിപ്പിക്കുന്നതിനായി വിതരണം ചെയ്യുന്നു. കൂടാതെ വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, വഴിയോര സംരക്ഷണം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, നക്ഷത്രവനം എന്നീ പദ്ധതികൾ പ്രകാരവും തൈകൾ നട്ടുപിടിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |

Signature valid
Digitally signed by ANJALYDEVI A G
Date: 2020.03.04 0?:27:23 IST
Reason: Approved

സെക്ഷൻ ഓഫീസർ